ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകളാണോയെന്ന് ചോദിച്ചാൽ അവർ പറയുന്നത് മണ്ണ് മാറ്റുന്നതിനുള്ള ലൈസൻസ് കൊടുക്കുകയല്ലാതെ അത് നിയന്ത്രിക്കുന്നതിനുള്ള അധികാരം അവർക്കില്ലെന്നാണ്. ഇറിഗേഷൻ വകുപ്പിനാണെങ്കിൽ ഇത് നിയമപരമായി നിയന്ത്രിക്കുന്നതിനുള്ള അധികാരമില്ല എന്നു പറയുന്നു. മണ്ണ് മാറ്റുന്നതിനുള്ള ഒരു നിയമമോ അത് തടയുന്നതിനുള്ള നിയമമോ ശരിയായിട്ടുള്ളതായ ഒരു അതോറിറ്റിയോ ഇന്ന് നമ്മുടെ സംസ്ഥാനത്തിലില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതുമൂലം നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥ എന്ന് പറയുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ നദികൾപോലും ദിക്ക് മാറി പല സ്ഥലങ്ങളിലും ഒഴുക്കുന്നതുമൂലം പല പ്രദേശങ്ങളും ഗുരുതരമായ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ഇത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഹൈക്കോടതിയുടെ നിരോധനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. അത്തരം നിയന്ത്രണങ്ങൾക്കോ ഉത്തരവുകൾക്കോ ഒന്നുംതന്നെ ഫലപ്രദമായി ഇത് തടയുന്നതിന് കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഇത് തടയുന്നതിന് ഫലപ്രദമായ നിയന്ത്രണങ്ങളൊക്കെയുള്ള ഒരു അതോറിറ്റിയുടെ ആവശ്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ഈ ബിൽ പരിഗണിക്കണം.

(ചർച്ചതുടരും)

9. 2000-ത്തിലെ നീരുറവകളും നിർച്ചാലുകളും ജലാശയങ്ങളും ഉൾപ്പെട്ട ജലസ്രോതസ് സംരക്ഷണ ബിൽ

(ശ്രീ. ആന്റണി രാജു നോട്ടീസ് നൽകിയത്)

ശ്രീ. ആന്റണി രാജു : സർ, 2000-ലെ നീരുറവകളും നീർച്ചാലുകളും ജലാശയങ്ങളും ഉൾപ്പെട്ട ജലസ്രോതസ് സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ : റവന്യൂ വകുപ്പുമന്ത്രിക്കു വേണ്ടി ശ്രീ. കെ. രാധാകൃഷ്ണൻ.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കുടിവെള്ളം പരാമവധി സംരക്ഷിക്കപ്പെടേണ്ടതാണ്. വിദഗ്ദ്ധരായിട്ടുള്ള ആളുകൾ പറയുന്നത് 2015 ആകുമ്പോഴേയ്ക്കും ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടാവാൻ സാദ്ധ്യത ഉണ്ടെങ്കിൽ അത് കുടിവെള്ളത്തിനു വേണ്ടിയായിരിക്കും എന്നാണ്. അതുകൊണ്ടുതന്നെ ഇതിന് ഏറെ പ്രസ്ക്തിയും പ്രാധാന്യവും ഉണ്ട്. അതു മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ഗവൺമെന്റ് ജലസേചനത്തിനും ജലം സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ജലസേചനവും ജലസംരക്ഷണവും ബില്ലിനുള്ള കരട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ മറ്റ് നടപടികളൊക്കെ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആന്റണി രാജു : സർ, ഇത്തരം ഒരു ബിൽ അവതരിപ്പിച്ചപ്പോൾ അതിനുള്ള മറുപടികളുമായി മുന്നോട്ട് വരാൻ ഗവൺമെന്റ് തയ്യാറായതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇവിടെ സൂചിപ്പിച്ചതു പോലെ ഈ നൂറ്റാണ്ടിൽ രാജ്യങ്ങൾ തമ്മിലുണ്ടാകാൻ പോകുന്ന യുദ്ധം വെള്ളത്തിനു വേണ്ടിയുള്ളതായിരിക്കും. ഇപ്പോൾത്തന്നെ നമുക്ക് അറിയാം സംസ്ഥാനത്ത് പാലിനേക്കാൾ വില കുടിവെള്ളത്തിന് നൽകേണ്ടി വരുന്നു. പാലിന് 13 രൂപ ഒരു ലിറ്ററിന് വില. ഒരു ലിറ്റർ കുടിവെള്ളത്തിന് ഇന്ന് 15 രൂപ കൊടുത്ത് വാങ്ങിക്കുടിക്കേണ്ട ഒരു സ്ഥിതിയിലേയ്ക്ക് നമ്മുടെ രാജ്യം എത്തി. ഈ സ്ഥിതിയിൽ ലോകമാകെ ശുദ്ധജലത്തിനായുള്ള കെടുതിയിലേയ്ക്ക് നീങ്ങുമ്പോൾ കേരളത്തിന് ഇക്കാര്യത്തിൽ വലിയ സംഭാവനകൾ ഈ ലോകത്ത് നൽകാൻ കഴിയും. ചെറുതും വലുതുമായ നിരവധി നദികളും തടാകങ്ങളും തോടുകളും നീരുറവകളുകൊണ്ട് അനുഗ്രഹീതമായ ഒരു സംസ്ഥാനത്ത് ലോകം നേരിടുന്ന ഈ ഭീഷണിക്ക് മറുപടി പറയാൻ അല്ലെങ്കിൽ ഒരു പരിഹാരം കണ്ടെത്താൻ അത് വഴി കേരളത്തിൽ വലിയ ഒരു സാദ്ധ്യത ഈ മേഖലയിലുണ്ട്. അത് നമ്മൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ജലത്തിന്റെ ആവശ്യം വർദ്ധിച്ചു വരുന്നതായും ജലലഭ്യത കുറഞ്ഞു വരുന്നതായും ആണ് കാണാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള ജലാശയങ്ങൾ തന്നെ മലിനമായിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത ജലാശയങ്ങൾക്ക് അരികിൽ ഫാക്ടറികൾ സ്ഥിതി ചെയ്യുന്നതു മൂലം നമ്മുടെ ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ ശരിയായി ട്രീറ്റ് ചെയ്ത് വിടാത്തതുമൂലം ജലാശയങ്ങളൊക്കെ മലിനമായികൊണ്ടിരിക്കുന്നു. നമ്മുടെ തോടുകളും കുളങ്ങളും തടാകങ്ങളും നീരുറവകളും ജനങ്ങളുടെ അവഗണന കൊണ്ടും അജ്ഞത കൊണ്ടും ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥിതിയുമുണ്ട്. ഇവയെ യഥാക്രമം സംരക്ഷിച്ച് വാട്ടർ ബാങ്കുകൾ രൂപപ്പെടുത്തിയാൽ ജലദൗർലഭ്യം വേനൽക്കാലത്ത് പോലും നേരിടാൻ കഴിയും. എന്നുമാത്രമല്ല വാട്ടർ ബാങ്കുകൾ സൃഷ്ടിച്ചുകൊണ്ട് നമുക്ക് ഇൻഡ്യയുടേയും ലോകത്തിന്റേയും വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം സംസ്ഥാനത്ത് ചെയ്യാൻ കഴിയും. പദ്ധതികൾ ചെലവ് കുറഞ്ഞ രീതിയിൽ നടപ്പിലാക്കികൊണ്ട് ഈ ഭീഷണിയെ നേരിടാൻ കഴിയും. ഭൂഗർഭ ജലത്തിന്റെ ലെവൽ ഇന്ന് താഴ്ന്നുകൊണ്ടിരിക്കുകയാണ്. മൺസൂൺ കാലത്ത് ലഭിക്കുന്ന വെള്ളം തടഞ്ഞു നിർത്തി സംരക്ഷിക്കാൻ കഴിയാതെ നേരേ സമുദ്രത്തിലേയ്ക്ക് ലയിക്കുന്നതാണ് ഇതിനൊരു കാരണം. ഭൂമിയിൽ തടഞ്ഞുനിർത്താൻ കഴിഞ്ഞാൽ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ കഴിയും ഈ സാഹചര്യത്തിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൊണ്ട് അധികം വൈകാതെ ഈ ബിൽ കൊണ്ടുവരണം. ഇത് കുറച്ച് നേരത്തെ ഞാൻ അവതരിപ്പിക്കേണ്ടതായിരിന്നു.

മി.സ്പീക്കർ : ഇനി 11-ാം കേരള നിയമസഭയിൽ അവതരിപ്പിക്കാം.

ശ്രീ. ആന്റണി രാജു : സർ, ഏതായാലും വളരെ ഗുരുതരമായ ഭീഷണിയെ നേരിടുന്ന ഈ മേഖലയിൽ, കേരളത്തിന്റെ വിലപ്പെട്ട സംഭാവനകൾ ലോകത്തിന് നൽകാൻ കഴിയും. കേരളത്തിന് മാത്രമല്ല, കേരളത്തിനകത്തും പുറത്തും ഇൻഡ്യയ്ക്ക് പുറത്തും ശുദ്ധജലം വിതരണം ചെയ്യാൻ കഴിയുന്ന ഒരു സംസ്ഥാനമായി

കേരളത്തിന് മാറാൻ കഴിയും. അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്താൻ കഴിയും. ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. അങ്ങനെ വാട്ടർ ബാങ്കുകൾ സൃഷ്ടിച്ചുകൊണ്ട്, ഗൾഫ് രാജ്യങ്ങൾ പെട്രോളിയം ഉല്പാദിപ്പിച്ച് സാമ്പത്തികമായി വികസിച്ചതുപോലെ കേരളത്തിന് ഇങ്ങനെയുള്ള ജലാശയങ്ങൾ സംരക്ഷിച്ച് ലോകത്തിനും ഇൻഡ്യയ്ക്കുമൊക്കെ സംഭാവന ചെയ്യാൻ കഴിയുന്നതാണ്. അതുകൊണ്ട് അടിയന്തിരമായി ഈ ബിൽ കൊണ്ടുവരണം. അതിനുവേണ്ടി സമ്മതിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

(ചർച്ചതുടരും)

10. 2000-ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബിൽ

(ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിലെ നെൽകൃഷി വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി രാജു : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, സംസ്ഥാന ഗവൺമെന്റുതന്നെ കേരളത്തിലെ നെൽകൃഷി മേഖലയെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു നെൽകൃഷി വികസന ബോർഡിന് രൂപം കൊടുത്തു കഴിഞ്ഞു. അത് ഈ സഭയിലോ അടുത്ത സഭയിലോ ബില്ലായിട്ട് വരാൻ പോവുകയാണ്. അതുകൊണ്ട് ഇത്തരമൊരു അതോറിറ്റി ബില്ലിന്റെ ആവശ്യകത ഇപ്പോൾ ഉത്ഭവിക്കുന്നില്ല. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി ബിൽ വേണമോ വേണ്ടയോ എന്നുള്ളത് പിന്നീട് തീരുമാനിക്കേണ്ട കാര്യമാണ്. അതു കൊണ്ട് ബഹുമാനപ്പെട്ട അംഗം ഈ ബിൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിലെ കാർഷിക മേഖലയിൽ വിശേഷിച്ചും നെൽകൃഷി മേഖലയിൽ ഈ ഗവൺമെന്റ് കാണിക്കുന്ന അത്യധികമായ താല്പര്യത്തിന്റെയും മുന്തിയ പരിഗണന കൊടുക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഇവിടെ ഒരുപാട് കാര്യങ്ങൾ ഈ മേഖലയിൽ ചെയ്യുന്നുണ്ട്. ഇപ്പോൾ ഗവൺമെന്റ് തന്നെ ബിൽ കൊണ്ടുവരാൻ പോകുന്ന കാര്യവും മിനിസ്റ്റർ ഇവിടെ പറഞ്ഞു. അതെല്ലാം കൂടി ചേർത്തു കൊണ്ടു തന്നെയാണ് ഞാൻ പറയുന്നത്. കാരണം നെൽക്കൃഷിയുടെ വിസ്തൃതി കുറയുന്നതൊക്കെ നമ്മൾ ഇവിടെ പല തവണ ചർച്ച ചെയ്തതാണ്. എന്നാൽ മൊത്തത്തിൽ ഈ കാലയളവിൽ കണ്ട ഒരു പ്രത്യേകത, ഏത് റിപ്പോർട്ട് എടുത്തു നോക്കിയാലും ഉല്പാദനക്ഷമതയിൽ നല്ല വർദ്ധനവുണ്ടായിട്ടുണ്ട് എന്നതാണ് ഗവൺമെന്റ് ചെയ്യുന്ന ഭൗതികമായ സഹായങ്ങൾ പുതുതായി ഒരുക്കികൊണ്ടു വരുന്ന സൗകര്യങ്ങളൊക്കെ കേരളത്തിൽ നെൽകൃഷി ചെയ്യാൻ കൃഷിക്കാർക്ക് ഒരു താൽപര്യം, ഒരു ആത്മവിശ്വാസം ഉണ്ടായി വരുന്നുണ്ട് എന്നതിന്റെ സൂചനയാണ്. അതു കൊണ്ടുതന്നെ ഉൽപ്പാദനക്ഷമതയിൽ നല്ല വർദ്ധനവും കാർഷിക സർവ്വകലാശാലയിൽ നമ്മുടെ ശാസ്ത്രജ്ഞന്മാരുടെ കൂട്ടായ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായി വരുന്നുണ്ട്. പുതിയ നെൽക്കൃഷി

LIBRARY ARCHIVES Kerala Legislative Assembly